പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 158

17.03.2015-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

ചോദ്യം
ശ്രീ.കെ.അച്ചുതൻ :
ശ്രീ.കെ.മുരളീധരൻ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.എം.എ.വാഹിദ്:

ഉത്തരം
ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വാഹനങ്ങളും മറ്റ് സൗകര്യങ്ങളും നൽകുക, ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, എക്സൈസ് ഓഫീസുകളിലെയും, എക്സൈസ് ചെക്ക്പോസ്റ്റുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എക്സൈസ് അക്കാഡമിയുടെ നവീകരണം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഇ- ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള് / മദ്യം മാത്രമേ വിൽക്കുന്നു |

| | | | |
|---|---|---|---|
| | | | ള്ളൂവെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ; | (സി) | ഐ.ടി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക് സെന്റർ, ഐ.ടി.വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, നിർമ്മിതി കേന്ദ്രം, പി.ഡബ്ല്യൂ.ഡി., സീബാ ലാബ്സ് എറണാകുളം, സിഗ്മ സൊല്യൂഷൻസ്, തിരുവനന്തപുരം. |
| (ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | <u>മൊബൈൽ അനലിറ്റിക്കൽ ലാബ്</u><br><br>ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമേ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച്, പരിശോധനാ ഫലം ഉടനടി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നതും, കൂടാതെ മധ്യമേഖല കേന്ദ്രീകരിച്ചുള്ള മൊബൈൽ ലാബിനു വേണ്ടി വാങ്ങിയ ബസിന്റെ ഫാബ്രിക്കേഷൻ നടപടികൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ ടി ലാബിനാവശ്യമായ കെമിക്കലുകളും ഉപകരണങ്ങളും വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതു കൂടാതെ ഉത്തര മേഖലയിലെ ആവശ്യത്തിനായുള്ള ലാബിനുവേണ്ടി ഒരു മിനി ബസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br><u>ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കൽ</u> |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുവാൻ 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ തിരഞ്ഞെടുത്ത 12 ചെക്ക് പോസ്റ്റുകളിൽ ക ണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചുവരുന്നു.<br><br>**<u>എക്സൈസ് അക്കാഡമിയുടെ നവീകരണം</u>**<br><br>എക്സൈസ് അക്കാഡമിയുടെ നവീകരണത്തിനായി 2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും, 2013-14 സാമ്പത്തിക വർഷം 40 ലക്ഷം രൂപയും അനുവദിച്ചിരുന്നു. കൂടാതെ, നടപ്പു സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 1 കോടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>എക്സൈസ് എൻഫോഴ്സ്മെന്റ്</u>**<br><br>2011-12 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 33 ജീപ്പുകളും, 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2013 |

| | | | |
|---|---|---|---|
| | | | -14, 2014-15 സാമ്പത്തിക വർഷത്തിൽ 24 ലക്ഷം രൂപ വീതം ചെലവിൽ 48 മോട്ടോർ ബൈക്കുകൾ വീതം ആകെ 96 ബൈക്കുകൾ വാങ്ങിയിട്ടുള്ളതാണ്. കൂടാതെ ടി വർഷങ്ങളിൽ ഫോട്ടോകോപ്പിയർ, പ്രിന്റർ, ട്രോളി ലാഡറുകൾ, ഹെൽമെറ്റുകൾ, സ്കാനറുകൾ, വെയിംഗ് മെഷീനുകൾ, ആധുനിക കൈയ്യാമങ്ങൾ എന്നിവ വാങ്ങി ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്.<br><br>ഈ സാമ്പത്തിക വർഷം 52,02,409/- രൂപ ചെലവിൽ ഒൻപത് ജീപ്പുകളും 7,25,297/- രൂപ ചെലവിൽ ഒരു Xylo കാറും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 757 ഹൈവിസിബിലിറ്റി റയിൻ കോട്ടുകൾ, 35 ഡിജിറ്റൽ ക്യാമറകൾ എന്നിവയും വാങ്ങിയിട്ടുള്ളതാണ്.<br><br>വകുപ്പിൽ 25 ലക്ഷം രൂപയ്ക്ക് ഫർണിച്ചറുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും നടപ്പു സാമ്പത്തിക വർഷം അനുമതി ലഭിച്ചിട്ടുള്ളതും ആയത് വാങ്ങി നൽകിയിട്ടുള്ളതുമാണ്. ഫീൽഡ് യൂണിറ്റുകളിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കും മൊബൈൽ സിം കാർഡ് നൽകുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതും ആയത് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപികൾ സ്വീകരിച്ചു വരുന്നതുമാണ്.<br>2011-12 സാമ്പത്തിക വർഷത്തിൽ വകുപ്പിലു ണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റലുകൾക്ക് 26,000 എണ്ണം വെടിയുണ്ട കൾ പൂനെയിലെ അമ്യൂ |

| | | | |
|---|---|---|---|
| | | | ണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122 രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി. അബ്കാരി / എൻ.ഡി.പി.എസ് കേസ്സുകളുടെ സ്ഥിതി വിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനു വേണ്ടി എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിക്കുകയും ആയതിന് പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റേയും ഉപയോഗം നിയന്ത്രിക്കുന്നതിനായി ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എരുമേലിയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസും അനുവദിച്ചിട്ടുണ്ട്.<br><br>ഇ- ഗവേണൻസ്:<br><br>എക്സൈസ് വകുപ്പിലെ ഓഫീസുകൾക്ക് 33,47,040 രൂപ ചെലവിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിയ്ക്കുകയും ആയത് വാങ്ങുന്നതിനുള്ള സപ്ളൈ ഓർഡർ നൽകിയിട്ടുള്ളതുമാണ്.<br><br>വാണിജ്യ നികുതി വകുപ്പിന്റെ K-VATIS |

| | | | |
|---|---|---|---|
| | | | സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി നികുതി ഒടുക്കുന്നതിനായി എക്സൈസ് ഇ-പെയ്മെന്റ് സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടു ണ്ട്. ടി സോഫ്റ്റ്‌വെയർ വഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നിനുള്ള സംവിധാനം വകുപ്പിൽ നിലവിൽ ഏ ർപ്പെടുത്തിയിട്ടുണ്ട്.<br><br>വകുപ്പിൽ നിന്ന് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകൾ ക ണ്ടെത്തിയിട്ടു ണ്ട്. അവയിൽ എഫ്.എൽ.3 ലൈസൻസ് പുതുക്കൽ, എഫ്.എൽ-11 ലൈസൻസ് പുതുക്കൽ എന്നീ രണ്ടിനം സർവ്വീസുകൾ നാഷണൽ ഇൻഫർമേഷൻ സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകാനുള്ള നടപടികൾ പൂർത്തിയായിട്ടു ണ്ട്. ഇത് കൂടാതെ യുള്ള സർവ്വീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ